360 (1553) ഗവൺമെന്റ് നിർദ്ദേശം നടപ്പാക്കാൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഊരകം പഞ്ചായത്തിലെ ശ്രീ. എ.കെ. അഹമ്മദ് ഹാജിയുടെ കുടിവെള്ളം മലിനപ്പെടുത്തുന്ന കക്കൂസ് ടാങ്ക് പൊളിച്ചുമാറ്റുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഗവൺമെന്റ് നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്മേൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കക്കൂസ് ടാങ്ക് പൊളിച്ചുമാറ്റുന്ന നടപടി ബഹു. ഹൈക്കോടതി 8.12.1999-ലെ ഇടക്കാല ഉത്തരവിലൂടെ 4 ആഴ്ചത്തേയ്ക്ക് തടഞ്ഞിട്ടുള്ളതിനാൽ നടപടി സ്വീകരിക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല.

361 (1554) മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം സ്റ്റേ ചെയ്തുകൊണ്ടുള്ള ഉത്തരവ്

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മുനിസിപ്പാലിറ്റിയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തുകൊണ്ട് കഴിഞ്ഞ 18 മാസത്തിനുള്ളിൽ സർക്കാർ എത്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇവ ഏതൊക്കെ കാര്യങ്ങൾ സംബന്ധിച്ചാണെന്ന് വിശദീകരിക്കുമോ;

(സി) എത്ര സ്റ്റേ നിലവിലുണ്ട്;

(ഡി) സ്റ്റേ ഉത്തരവുകൾ പിൻവലിക്കുവാൻ നടപടികളെടുക്കുമോ?

ഉത്തരം

(എ) മലപ്പുറം മുനിസിപ്പാലിറ്റിയുടെ തീരുമാനത്തിൽ പ്രഥമദൃഷ്ട്യാ അപാകതയുണ്ടെന്ന് തോന്നിയ 4 കാര്യങ്ങളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 57-ാം വകുപ്പ് അനുസരിച്ച് സ്റ്റേ പുറപ്പെടുവിച്ചിരുന്നു.

(ബി) 1. നഗരസഭാ വക സ്ഥലത്ത് ബാങ്കുകൾ സ്ഥാപിക്കുന്നതിന് കൗൺസിൽ അനുമതി നൽകിയത്.

2. സ്പെഷ്യൽ കൗൺസിലറായ ശ്രീ. പരിനജീബനെ നിയമിച്ചുകൊണ്ടുള്ള തീരുമാനം.

3. മലപ്പുറം സർക്കാർ ആശുപത്രിക്ക് മുൻപിൽ നിർമ്മിച്ച് വെയിറ്റിംഗ് ഷെഡ് കം കംഫർട്ട് സ്റ്റേഷൻ നിർമ്മാണം പൊളിച്ചുമാറ്റാനുള്ള കൗൺസിൽ തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly